ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ

* 538. [2] ശ്രീ. ടി. ഒ. ബാവ: [illegible] പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ഗ്രാമീണ ശുദ്ധജലവിതരണത്തിനായി എത്ര പദ്ധതികളുടെ പണി ആരംഭിച്ചിട്ടുണ്ട്;

(ബി) കിഴക്കമ്പലം, വടവുകോട്, പുത്തൻകുരിശ്, പുത്തൃക്ക, കുന്നത്തുനാട് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണപദ്ധതി എന്നേക്കു പൂർത്തിയാകും ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) 14 (പതിനാലു). ഗ്രൂപ്പ് വാട്ടർസപ്ലൈ സ്കീമിൻ കീഴും, വില്ലേജ് വാട്ടർസപ്ലൈ സ്കീമിൽ എട്ടും.

(ബി) പുത്തൻകുരിശിലേയും, കിഴക്കമ്പലത്തിലേയും പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണു്. കിഴക്കമ്പലം പദ്ധതിയുടെ പണികൾ ഈ സാമ്പത്തികവർഷത്തിൽ പൂർത്തിയാകും. വടവുകോട്, പുത്തൃക്ക, കുന്നത്തുനാട് എന്നീ സ്ഥലങ്ങളിൽ ജലവിതരണത്തിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

മി. സ്പീക്കർ: ചോദ്യം 21-നു് ഉത്തരം പറയണം. (എ)-യുടെ ഉത്തരം മുമ്പു പറഞ്ഞുകഴിഞ്ഞതാണു്. അതുകൊണ്ടു് ബാക്കിയുള്ളതിനു് ഉത്തരം പറഞ്ഞാൽ മതി.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

* 539. [21] ശ്രീ. കെ. ജി. കുഞ്ഞാകുരുവേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു് ഗ്രാമീണ ശുദ്ധജലവിതരണപദ്ധതിക്കു് 1963-64 വർഷത്തിലേക്കു് എത്ര തുക നീക്കിവച്ചിട്ടുണ്ടു്;

(ബി) ഇതിൽ എത്ര സംഖ്യ ചെലവു ചെയ്തു;

(സി) പൊന്നാനിത്താലൂക്കിൽ പുഴിക്കലയിൽ രണ്ടു കൊല്ലം മുമ്പു് നിർമ്മിച്ച ട്യൂബ്‌വെൽ പിന്നീടുപയോഗം മൂലം ഉപയോഗശൂന്യമായിരിക്കുകയാണെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ട്യൂബ്‌വെല്ലിന്റെ ഒരു ഭാഗമെങ്കിലും മാറി നന്നാക്കണമെന്നു പബ്ലിക് ഹെൽത്തു് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനോടു് അന്നു മുതൽ ആവശ്യപ്പെട്ടിട്ടും ഇന്നുവരെ അതൊന്നും ചെയ്യാത്തതിന്റെ കാരണം എന്താണു്;

(ഈ) അവക്കു് ഈ കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ ദയവുണ്ടാകുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(ബി) 1963 ഡിസംബർ അവസാനംവരെ 9,57,985 രൂപ ചെലവായി.

(സി) ഈ ട്യൂബുവെല്ലിൽ സ്ഥാപിച്ചിരുന്ന ഹാൻഡു് പമ്പിനു് കുറച്ചു കാലങ്ങൾക്കുശേഷം കേടുസംഭവിച്ചിട്ടുണ്ടു് എന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ട്യൂബുവെല്ലിനെ ആധാരമാക്കി ഒരു വില്ലേജ് വാട്ടർ സപ്ലൈ സ്കീം ആവിഷ്കരിച്ചിരുന്നതിനാൽ ഹാൻഡ് പമ്പ് നന്നാക്കേണ്ട ആവശ്യമുണ്ടെന്നു തോന്നിയില്ല.

(ഈ) മേൽപ്പറഞ്ഞ വാട്ടർസപ്ലൈ സ്കീമിന്റെ പണി മിക്കവാറും പൂർത്തിയായിട്ടുള്ളതിനാലും സമീപഭാവിയിൽത്തന്നെ പൈപ്പുകൾ മുഖേന ജലവിതരണം നടത്താവുന്നതാകയാലും ഇതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ടി. ഓ. ബാവ: പുത്തുക്ക പഞ്ചായത്തിൽ ശുദ്ധജലവിതരണത്തിനുവേണ്ടി എറണാകുളം ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് കൗൺസിലും അതുപോലെതന്നെ ഡിപ്പാർട്ടുമെന്റും ശുപാർശ ചെയ്ത ഈ വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടോ; അതിലേക്ക് വല്ല തീരുമാനവും എടുത്തിട്ടുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: സാധാരണ ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് കമ്മിറ്റി പാസാക്കുകയാണെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കാറുണ്ട്. പക്ഷേ എസ്റ്റിമേറ്റ് തയ്യാറാക്കി കിട്ടുന്ന മുറയ്ക്ക് വാട്ടർ സപ്ലൈ ബോർഡിന്റെ അംഗീകാരത്തിനുവച്ച് അംഗീകാരം വാങ്ങുകയാണ് പതിവ്. ഈ പറഞ്ഞ വർക്കിനെപ്പറ്റി ഇപ്പോഴും വ്യക്തമായിട്ട് പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. മത്തായി: ആലപ്പുഴ ഡിസ്ട്രിക്റ്റ് ഡെവലപ്പ്മെന്റ് കൗൺസിൽ ശുപാർശ ചെയ്ത് എസ്റ്റിമേറ്റ് കഴിഞ്ഞിട്ടുള്ള മല്ലപ്പള്ളിയിൽ രണ്ടു റൂറൽ വാട്ടർ സപ്ലൈ സ്കീമിന്റെയും പണി എന്തായി ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതിന്റെ എസ്റ്റിമേറ്റെല്ലാം പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. പണം ഈ സാമ്പത്തികവർഷംതന്നെ കിട്ടാൻ സാധിക്കാതെ വന്നിട്ടുള്ളതുകൊണ്ടാണ് പണി ചെയ്യാതെ വന്നിട്ടുള്ളത്.

ശ്രീ. പി. വി. കുഞ്ഞുണ്ണിനായർ: കേരളത്തിലെ ട്യൂബുവെൽ പ്രായോഗികമല്ലെന്നുകണ്ട് ട്യൂബുവെല്ലുകളുടെ പണി നിറുത്തിവച്ചിരിക്കുകയാണ്. ഇതിന്റെ ഫലമായി കണ്ണൂരിൽ പല ഭാഗങ്ങളിലും ശുദ്ധജലം കിട്ടാൻ വളരെ വിഷമമായിട്ടുണ്ട്. ഷൊർണ്ണൂർ ഗവണ്മെന്റ് പ്രസ്സിൽ ഒരു കിണർ ഉണ്ടായിരുന്നു. അതു നികത്തിയതുകൊണ്ട് ഇപ്പോൾ അവിടെ വെള്ളത്തിനു വലിയ പ്രയാസമാണ്. അതുകൊണ്ട് അവിടെ ഒരു ട്യൂബുവെൽ സ്ഥാപിക്കാൻ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: സർ, കുഴൽക്കിണറുകൾ മൊത്തത്തിൽ പരാജയമാണെന്നു പറയാൻ നിവൃത്തിയില്ല. ചില സ്ഥലങ്ങളിൽ ശരിയായി പ്രവർത്തിക്കുന്നുണ്ട്. അതുപോലെതന്നെ കുഴൽക്കിണറുകളിൽനിന്നു വെള്ളമെടുത്തു ശുദ്ധീകരിച്ചു വിതരണം ചെയ്യാൻ ഏർപ്പാടുണ്ട്. ഷൊർണ്ണൂരിലെ പ്രസ്സിന്റെ ആവശ്യത്തിനാണെങ്കിൽ അതു ഡിപ്പാർട്ടുമെന്റു ചെയ്യേണ്ട കാര്യമാണ്.

ശ്രീ കെ. സി. ഏബ്രഹാം: റൂറൽ വാട്ടർ സപ്ലൈ സ്കീം, അർബൻ വാട്ടർ സപ്ലൈ സ്കീം എന്നീ രണ്ടു പദ്ധതികളും ഈ രാജ്യത്തു നടപ്പിലാക്കുന്നതായി കാണുന്നുണ്ട്. അർബൻ ഡെവലപ്പ്മെന്റുള്ളതും പട്ടണത്തെക്കാൾ കൂടുതൽ ജനസാന്ദ്രതയുള്ളതുമായ സെമി-അർബൻ പ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം ശുദ്ധജലം കിട്ടുന്നതിനു പദ്ധതി കാണുന്നില്ല. ഉദാഹരണം വൈപ്പിൻകര. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ശുദ്ധജലം കൊടുക്കുന്നതിനു ഏർപ്പാട് ചെയ്യുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: രണ്ടു പദ്ധതികളല്ല, മൂന്നെണ്ണമുണ്ട്. അർബൻ വാട്ടർസപ്ലൈ, റൂറൽ വാട്ടർസപ്ലൈ, വില്ലേജ് വാട്ടർസപ്ലൈ ഇങ്ങനെ മൂന്നു സ്കീമുകളുണ്ട്. വൈപ്പിൻകരയെ സംബന്ധിച്ചിടത്തോളം വെള്ളം കിട്ടാൻ പ്രയാസമുണ്ടാകുന്നുണ്ടെന്നു കാര്യത്തിൽ സംശയമില്ല. കഴിയുന്നതുംവേഗം അവിടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ: ശുദ്ധവായു കഴിഞ്ഞാൽ മനുഷ്യന്റെ ജീവിതത്തിനു് ഏറ്റവും ആവശ്യമായിട്ടുള്ളതു് ശുദ്ധജലമാണെന്നുള്ളതു് മനസ്സിലാക്കിക്കൊണ്ടു് ഈ ശുദ്ധജലം കൊടുക്കുന്നതിനുള്ള നടപടികളും ഗവണ്മെന്റിന്റെ പുരോഗമനപ്രവർത്തനങ്ങളിൽ മുഖ്യമായ സ്ഥാനം കല്പിച്ചു് വേണ്ട നടപടികളും എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അതിൽ ആക്ഷേപം അഭിപ്രായവ്യത്യാസമില്ല. വെള്ളം ലഭിക്കാത്തിടത്തു് ശുദ്ധജലം കൊടുക്കേണ്ടതാണെന്നു ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടു്.

ശ്രീ. കെ. ആർ. വിജയൻ: ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളിൽ പ്രയോറിട്ടി നിശ്ചയിക്കുന്ന അവസരത്തിൽ വർക്കേഴ്സ് സ്പോട്ട് ഇൻസ്പെക്ഷനും ചെയ്യാറുണ്ടോ; അതോ കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണോ പ്രയോറിട്ടി നിശ്ചയിക്കുന്നതു്.

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഞാൻ നേരത്തെ പറഞ്ഞപോലെ ഡിസ്ട്രിക്ടും ഡെവലപ്പ്മെന്റും കമ്മിറ്റികളും ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആവശ്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തയ്യാറാക്കുന്നതു്. ഇങ്ങനെ എസ്റ്റിമേറ്റു് തയ്യാറാക്കിയതിനുശേഷം വാട്ടർ സപ്ലൈ ബോർഡു് പരിശോധിച്ചു് ഏതിനാണു് പ്രയോറിട്ടി കൊടുക്കേണ്ടതു് എന്നുള്ളതിനെ സംബന്ധിച്ചു് തീരുമാനം ചെയ്യുകയാണു് പതിവു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുമ്പോൾ മിക്കവാറും ഒരു ഗ്രാമത്തിൽ മാത്രം വെള്ളം കൊടുത്തു് അവിടെ ശുദ്ധജലവിതരണം ഏർപ്പെടുത്തുക എന്ന പദ്ധതിയാണോ അംഗീകരിച്ചിട്ടുള്ളതു്. ഇങ്ങനെയാണെങ്കിൽ എല്ലാ ദിക്കിലും കിട്ടാൻ വിഷമമുണ്ടു്. എന്നാൽ കുറെയധികം പണം ചെലവു ചെയ്തു് പദ്ധതി രൂപീകരിച്ചാൽ അനവധി ഗ്രാമത്തിനു് ഒന്നായി ജലസേചനം നടത്താൻ സാധിക്കും. ഉദാഹരണമായി തൃത്താലയിൽനിന്നു് പൊന്നാനി–ഗുരുവായൂരിലേക്കു് ഇങ്ങനെയുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ ഗവണ്മെന്റു് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇപ്പോൾ ഈ ഗവണ്മെന്റു് മാത്രം വിചാരിച്ചാൽ സാദ്ധ്യമല്ല. വില്ലേജു് വാട്ടർസപ്ലൈ, റൂറൽ വാട്ടർസപ്ലൈ മുതലായവ ആകെ ഇൻഡ്യാ പാറേറണിൽ കേന്ദ്രഗവണ്മെന്റു് അംഗീകരിച്ചിട്ടുണ്ടു്. അതിന്റെ പെർക്യാപ്പിറ്റ കൂടുതലു് എന്നുള്ള സാമാന്യതത്വം അംഗീകരിച്ചിട്ടുണ്ടു്. അതുകൊണ്ടു് കേന്ദ്രഗവണ്മെന്റിന്റെ പ്രത്യേകമായ അനുമതി കൂടാതെ ഈ ഗവണ്മെന്റു മാത്രം വിചാരിച്ചാൽ സാദ്ധ്യമല്ല.

ശ്രീ. ടി. ഒ. ബാവ: ആലുവായിൽ നിർമ്മിച്ചിട്ടുള്ള ടാങ്കിന്റെ പണി പൂർത്തിയായിട്ടും ഇതുവരെ ശുദ്ധജലവിതരണം നടത്താനുള്ള നടപടി സ്വീകരിക്കാതിരിക്കുന്നതു് എന്തുകൊണ്ടാണു്; മുനിസിപ്പാലിറ്റിക്കു് അതിന്റെ ചാർജ്ജു കൊടുക്കാൻ എന്തു തടസ്സമാണുള്ളതു് ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതേപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുകയാണു്.

Mr. Speaker: Question No. 3, Shri R. Sugathan.

Shri E. P. Gopalan : Sir, I may be permitted to put the Qustion.

Mr. Speaker: An identical question has already been answered. Qeustion number 4, Shri P. C. Adichan.

LIBRARY ARCHIVES Kerala Legislative Assembly